/6183/2022


കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്
ശാന്തി നഗർ, തിരുവനന്തപുരം - 695001
ഫോൺ: 0471-2330658, 0471-2331104
Email:cei.kerala@kerala.gov.in
ceikerala@gmail.com
Website: www.ceikerala.gov.in


An IS 15700 : 2018 Certified Department

നമ്പർ: CEI/18873/2022-E2 തീയതി:22/12/2022

## സർക്കുലർ

വിഷയം :- വകുപ്പിൽ ഇ-ഓഫീസ് സംവിധാനം ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട -പൊതുവായ നിർദ്ദേശങ്ങൾ - സംബന്ധിച്ച്

എല്ലാ സർക്കാർ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കുന്നതിനായി ആവശ്യമായ നടപടികളും എല്ലാ ഉദ്യോഗസ്ഥർക്കും VPN ലോഗിൻ ഐഡി ലഭ്യമാക്കുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇ-ഓഫീസ് മുഖേന ഫയലുകൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട എല്ലാ കാര്യാലയങ്ങളിലും ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. ഓഫീസിൽ ലഭിക്കുന്ന എല്ലാ തപാലുകളും സ്കാൻ ചെയ്ത് ഇ-ഓഫീസിൽ CRU ലോഗിൻ മുഖേന "Receipt" ജനറേറ്റ് ചെയ്യേണ്ടതാണ്.
2. വകുപ്പിലെ ഓഫീസുകൾ തമ്മിലുള്ള തപാലുകൾ ഇ-ഓഫീസിലെ മെനുവായ "Received Letters-> Intra eOffice" മുഖേന CRU ലോഗിൻ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻ കൃത്യമായി പരിശോധിക്കേണ്ടതും. Diarise എന്ന ഓപ്ഷൻ മുഖേന "Receipt" ജനറേറ്റ് ചെയ്യേണ്ടതുമാണ്.
3. ഓഫീസിൽ പുതുതായി തുടങ്ങേണ്ട എല്ലാ ഫയലുകളും ഇ-ഓഫീസ് മുഖേന ഇലക്ട്രോണിക് രൂപത്തിൽ മാത്രം തുടങ്ങേണ്ടതാണ്. Physical ഫയൽ നിലവിലുള്ള പക്ഷം പുതുതായി ഇലക്ട്രോണിക് ഫയൽ ആരംഭിക്കേണ്ടതില്ല. തപാൽ "Receipt" മെനുവിൽ തന്നെ ക്ലോസ് ചെയ്യാവുന്നതാണ്.
4. വകുപ്പിലെ ഓഫീസുകൾ തമ്മിലുള്ള കത്തിടപാടുകൾ ഇ-ഓഫീസ് മുഖേന മാത്രം ഡിസ്പാച്ച് നടത്തേണ്ടതാണ്. GO(Ms)No 272022/P&ARD നമ്പരായുള്ള 03-12-2022 തീയതിയിലെ MOP ഭേദഗതി പ്രകാരം എല്ലാ ഉദ്യോഗസ്ഥർക്കും ഇ-ഓഫീസ് മുഖേനെ ഡിസ്പാച്ച് (ഇലക്ട്രോണിക് വിധത്തിലുള്ളത്) നടത്താവുന്നതാണ്. അപ്രകാരം ഡിസ്പാച്ച് ചെയ്യുന്ന കത്തുകൾ CRU ലോഗിനിലേക്ക് മാത്രം അയക്കേണ്ടതാണ്. വകുപ്പിലെ എല്ലാ കാര്യാലയങ്ങളിലെയും CRU ലോഗിൻ ഐഡി ചുവടെ ചേർക്കുന്നു:

| Sl.No | Offices | CRU Login ID |
|---|---|---|
| 1 | Office of the Chief Electrical Inspector | CRU CEI |
| 2 | Office of the Deputy Chief Electrical Inspector, Thiruvananthapuram | CRU EIT |
| 3 | Office of the Electrical Inspector, Kollam | CRU EIQ |
| 4 | Office of the Electrical Inspector, Pathanamthitta | CRU EIPT |
| 5 | Office of the Electrical Inspector, Alappuzha | CRU EIA |
| 6 | Office of the Electrical Inspector, Kottyam | CRU EIK |
| 7 | Office of the Electrical Inspector, Idukki | CRU EII |
| 8 | Office of the Deputy Chief Electrical Inspector, Ernakulam | CRU EIE |
| | | |

| | | |
|---|---|---|
| 9. | Office of the Electrical Inspector, Thrissur | CRU EIR |
| 10. | Office of the Electrical Inspector, Palakkad | CRU EIP |
| 11 | Office of the Electrical Inspector, Malappuram | CRU EIM |
| 12 | Office of the Deputy Chief Electrical Inspector, Kozhikode | CRU EIC |
| 13 | Office of the Electrical Inspector,Wayanad | CRU EIW |
| 14 | Office of the Electrical Inspector,Kannur | CRU EIN |
| 15 | Office of the Electrical Inspector, Kasaragod | CRU EIS |
| 16. | Office of the Electrical Inspector, Meter Testing and Standards Laboratory, Engineering College | CRU MTSL |

ഇ-ഓഫീസ് മുഖേന ഡിസ്പാച്ച് എങ്ങനെ നടത്താം എന്നതിനു ഐ ടി മിഷന്റെ താഴെ കാണുന്ന വീഡിയോ റഫർ ചെയ്യാവുന്നതാണ്:

https://www.youtube.com/watch?v=XW-OT12Y0ss

5. അടിയന്തിര പ്രാധാന്യമുള്ള കത്തുകൾ ഇ-മെയിൽ മുഖേന കൂടി അയക്കേണ്ടതാണ്. kerala.gov.in ഡൊമൈനിലുള്ള മെയിൽ ഐഡി മുഖേന മാത്രം ഔദ്യോഗിക കത്തിടപാടുകൾ നടത്തേണ്ടതാണ്.
6. പൊതുജനങ്ങളുമായുള്ള കത്തിടപാടുകൾക്ക് നിലവിലെ രീതി (പോസ്റ്റ് മാർഗ്ഗം) തുടരുവുന്നതാണ്. എന്നിരുന്നാലും ഇ-മെയിൽ മുഖേന അയക്കുവാൻ സാധ്യമാകുന്ന കത്തുകൾ അപ്രകാരം ഡിസ്പാച്ച് ചെയ്യേണ്ടതാണ്. ഇ-മെയിൽ/പോസ്റ്റ് മാർഗ്ഗം തുടങ്ങി നടത്തുന്ന ഡിസ്പാച്ച് വിവരങ്ങളും കൃത്യമായി ഇ-ഓഫീസുലും രേഖപ്പെടുത്തേണ്ടതാണ്.
7. തുടർ നടപടി ആവശ്യമില്ലാത്ത ഫയലുകൾ കൃത്യമായി ഇ-ഓഫീസിൽ ക്ലോസ് ചെയ്യേണ്ടതാണ്.
8. ഓഫീസ് മേധാവികളും കത്തുകൾ അംഗീകാരം നൽകുവാൻ അധികാരം നല്കിയിട്ടുള്ളതുമായ എല്ലാ ഉദ്യോഗസ്ഥരും DSC (Digital Signature Certificate) കരസ്ഥമാക്കുകയും ആയതു ഇ-ഓഫീസിൽ ലിങ്ക് ചെയ്യേണ്ടതുമാണ്.
9. ഇ-ഓഫീസുമായി ബന്ധപ്പെട്ട സപ്പോർട്ട് (പുതിയ ഉദ്യോഗസ്ഥരെ ചേർക്കൽ, ട്രാൻസ്ഫർ, സെക്ഷൻ മാറ്റങ്ങൾ, കത്തുകളുടെ Template ചേർക്കൽ, അപ്പ്രൂവിങ്/ക്ലോസിങ് പ്രിവിലേജ് നൽകൽ, ഇ-ഓഫീസുമായി ബന്ധപ്പെട്ട മറ്റു പരാതികൾ തുടങ്ങിയവ) http://eofficesupport.kerala.gov.in/ എന്ന പോർട്ടലിൽ മുഖേന സമർപ്പിക്കേണ്ടതാണ്.

Signed by Anil Kumar V C
Date: 22-12-2022 17:03:37

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ

പകർപ്പ്:

1. എല്ലാ ജില്ലാ ഓഫീസ് മേധാവികൾക്കും.
2. ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, MTSL
3. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സി.എ
4. അഡീഷണൽചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സി.എ
5. സെക്രട്ടറി, കെ.എസ്.ഇ.എൽ.ബി
6. എല്ലാ സെക്ഷൻ തലവന്മാർക്കും
7. വെബ് സൈറ്റ്